# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5796 — 02.07.2019-ലെ മറുപടി

### ജലവിതരണ പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കരവാരം - നഗരൂർ - പുളിമാത്ത് ജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണ് വിശദമാക്കുമോ? | പ്രസ്തുത പദ്ധതിയ്ക്ക് 07.02.2019- ന് 81.81 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി താഴെപ്പറയുന്ന സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായി 06.04.2019-ൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>• പുളിമാത്ത് വില്ലേജിലെ കുറ്റിമൂടിൽ 75 സെന്റ്<br>• സംമ്പും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെന്റ്<br>• ഉപരിതലജലസംഭരണികൾ നിർമിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെന്റ്<br>• വെള്ളല്ലൂർ വില്ലേജിലെ നെല്ലിക്കുന്നിൽ 25 സെന്റ്<br>• കടൽകാണിപ്പാറയിൽ 15 സെന്റ്<br><br>കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെന്റ് സ്ഥലവും ഉപരിതല ജലസംഭരണി നിർമിക്കുന്നതിന് വണ്ടിത്തടമെന്ന സ്ഥലത്ത് 15 സെന്റ് സ്ഥലവും സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ടതുണ്ട്.<br>പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി റോഡ് റിസ്റ്റോറേഷൻ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി ദേശീയപാത ബൈപ്പാസ് വിഭാഗത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത അനുമതിയും ഭൂമിയും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ